അർത്ഥനാധികാരിയോട് ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടന്നത്. ഈ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ കാലഹരണപ്പെട്ടതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശക്കായി സമർപ്പിച്ചിരിക്കുകയാണ്. ഈ നടപടികളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

അനധികൃത പാറ ഖനനം തടയാൻ നടപടി

149 (1192) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ കോട്ടുകുന്നം ഉഷസ് ഭവനിൽ രാഗകൃഷ്ണൻ മകൻ കുട്ടന്റെ ഭൂമി കയ്യേറി പാറ പൊട്ടിച്ച് കടത്തുന്നത് സംബന്ധിച്ച പരാതിയിൽ റവന്യൂ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുൻസിഫ് കോടതിയുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ പ്രകാരം പരാതിക്കാരന്റെ ഭൂമിയിൽ നിന്നുള്ള പാറകടത്ത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ കളക്ടറുടെ പൊതുജനപരാതി പരിഹാര സെൽ മുഖാന്തരം ശ്രീ. കുട്ടൻ നാടാർ സമർപ്പിച്ച അപേക്ഷ പ്രകാരവും എതിർകക്ഷിയായ ശ്രീ. സുരേഷ് കുമാർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലും അപേക്ഷകനെയും എതിർ കക്ഷിയെയും നേരിൽ കേട്ട് പരാതി പരിഹരിക്കുന്നതിന് നെടുമങ്ങാട് തഹസീൽദാർക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. കുട്ടൻ നാടാർ ഹിയറിംഗ് നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിച്ചിട്ടുള്ളതും ആയത് ടിയാന്റെ വീടിന് മുൻവശത്ത് പതിച്ച് നടത്തിയിട്ടുള്ളതുമാണെന്നും തുടർന്ന് പരാതിക്കാരൻ കൂടിക്കാഴ്ചയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ നെടുമങ്ങാട് തഹസീൽദാർ പരാതിക്കാസ്പദമായ സ്ഥലം സന്ദർശിച്ചിട്ടുള്ളതും പരാതിക്കാരന്റെ അതിർത്തിയിൽനിന്നും 10 മീറ്റർ അകലം പാലിച്ചു മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന ഉത്തരവ് എതിർകക്ഷിക്ക് നൽകിയിട്ടുള്ളതുമാണ്.

(ബി) മേൽ പ്രതിപാദിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വാഹനങ്ങളോ യന്ത്രോപകരണങ്ങളോ പിടിച്ചെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly